# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1039    12.06.2014 -ലെ മറുപടിയ്ക്ക്**

**സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി സ്കൂൾ ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ ഏഴ് വർഷ ത്തിലധികമായി അനുവദി ക്കപ്പെട്ടിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഏഴ് വർഷത്തിലധികമായിട്ടും പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കപ്പെട്ടിട്ടില്ല എന്ന പരാതി ലഭിച്ചിട്ടില്ല. 5 വർഷത്തിലധികമായിട്ടും ഇൻക്രിമെന്റുകൾ അനുവദിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. ലബോറട്ടറി അസിസ്റ്റന്റ്മാർ കെ. പി. എസ്.സി നടത്തുന്ന ലബോറട്ടറി അറ്റന്റേഴ്സ് ടെസ്റ്റ് വിജയിച്ചാൽ മാത്രമേ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാനും രണ്ടാം വർഷം മുതലുള്ള ഇൻക്രിമെന്റുകൾ അനുവദിക്കാനും കഴിയുകയുള്ളൂ. |
| (ബി) എയ്ഡഡ് മേഖലയിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ ലഭിക്കുന്നതിന് ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇള വുകൾ നൽകുന്നതിതിനുള്ള ഉത്തരവ് ലഭ്യമാക്കുമോ; | (ബി) 16/08/2006-ലെ ജി.ഒ.( ആർ. റ്റി.) നം. 3588/2006/പൊവിവ പ്രകാരം 28/03/2003 വരെ നിയമിതരായവരും ഇപ്പോൾ തുടരുന്നവരും പ്രൊബേഷൻ പിരീഡ് പൂർത്തിയാക്കിയവരുമായ ലാബ് അസിസ്റ്റന്റ് മാർക്ക് കെ. പി. എസ്.സി നടത്തുന്ന ലാബ് അറ്റന്റർ ടെസ്റ്റ് മൂന്ന് ചാൻസിനുള്ളിൽ പാസ്സായാൽ മതി എന്ന ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ടി കാലയളവിൽ ടെസ്റ്റ് പാസ്സാകാത്തവരുടെ സർവ്വീസ് ഗവൺമെന്റ് റിവ്യൂ ചെയ്യുന്നതായിരിക്കും എന്നും പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(സി) സർക്കാർ ഹയർസെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്ക് നിർബന്ധിത ഡിപ്പാർട്ട്മെന്റ് പരീക്ഷ ഒഴിവാക്കി പകരം ഇൻ സർവ്വീസ് കോഴ്സ് നൽകണമെന്ന ശുപാർശ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്ക് എയ്ഡഡ് മേഖല ഇളവ് നൽകുമ്പോൾ പി.എസ്.സി നടത്തുന്ന മത്സരപരീക്ഷയിലൂടെ നിയമിതരാകുന്ന സർക്കാർ ലാബ് അസിസ്റ്റന്റുമാർക്ക് ഇളവ് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

(ഡി) 16/08/2006-ലെ ജി.ഒ.( ആർ. റ്റി.) നം. 3588/2006/പൊവിവ പ്രകാരം 28/03/2003 വരെ നിയമിതരായവരും ഇപ്പോൾ തുടരുന്നവരും പ്രൊബേഷൻ പിരീഡ് പൂർത്തിയാക്കിയവരുമായ ലാബ് അസിസ്റ്റന്റ് മാർക്ക് കെ. പി. എസ്.സി നടത്തുന്ന ലാബ് അറ്റന്റർ ടെസ്റ്റ് മൂന്ന് ചാൻസിനുള്ളിൽ പാസ്സായാൽ മതി എന്ന ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ടി കാലയളവിൽ ടെസ്റ്റ് പാസ്സാകാത്തവരുടെ സർവ്വീസ് ഗവൺമെന്റ് റിവ്യൂ ചെയ്യുന്നതായിരിക്കും എന്നും പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ഹയർ സെക്കന്ററി വകുപ്പിൽ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി.എസ്.സി മുഖാന്തിരമുള്ള നിയമനം 2007 ലാണ് നടന്നിട്ടുള്ളത്.

സെക്ഷൻ ഓഫീസർ